**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **08-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ ഗുണനിലവാരത്തിൽ പ്രഥമസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തയ്യാറാക്കിയ യുഡൈസ് പ്ലസ് റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസത്തിൽ സംസ്ഥാനം വീണ്ടും ഒന്നാം സ്ഥാനത്ത് തുടരുന്നുണ്ടോ; | (എ) | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തയ്യാറാക്കിയ യുഡൈസ് പ്ലസ് റിപ്പോർട്ട് പ്രകാരം പൊതുവിദ്യാഭ്യാസത്തിൽ സംസ്ഥാനം ഒന്നാം സ്ഥാനത്ത് തുടരുന്നുണ്ട്. |
| (ബി) | ഗുണനിലവാരത്തിൽ പ്രഥമസ്ഥാനം അലങ്കരിക്കുന്നതുപോലെ വിദ്യാഭ്യാസം നേടുന്നതിനുള്ള അവസരത്തിലും പ്രഥമസ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി വിലയിരുത്തുന്നുണ്ടോ; | (ബി) | പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. |
| (സി) | പ്രധാനമായും ഏതെല്ലാം സൗകര്യങ്ങളെ അടിസ്ഥനാമാക്കിയാണ് മികവ് വിലയിരുത്തുന്നതെന്ന് അറിയിക്കുമോ; | (സി) | ചുവടെ പറയുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്തിന്റെ മികവ് വിലയിരുത്തിയിട്ടുള്ളത്.<br>1. സ്കൂൾ പ്രാപ്യത (Acess)<br>2.പഠന നേട്ടങ്ങളും ഗുണതയും (Learning Outcomes & Quality)<br>3.അടിസ്ഥാന സൗകര്യവികസനം (Infrastructure and facility)<br>4.തുല്യത (Equity)<br>5.ഭരണപരമായ മികവ് (Governance Processes) |
| (ഡി) | എട്ടാം ക്ലാസുവരെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കില്ലാത്ത സംസ്ഥാനമെന്ന നേട്ടം കൈവരിക്കാനായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം ഉയർന്ന ക്ലാസുകളിൽ കൂടി കൈവരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | എട്ടാം ക്ലാസുവരെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. ഈ നേട്ടം ഉയർന്ന ക്ലാസുകളിലും കൈവരിച്ചിട്ടുണ്ട്. കൊഴിഞ്ഞുപോക്കില്ലാത്ത സംസ്ഥാനമെന്ന നേട്ടം കൈവരിക്കുന്നതിന് മുന്തിയ പരിഗണന |

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ